LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. തൽഫലമായി ഉണ്ടായ ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

(സി) 2016-17 മുതൽ 2020-21 വരെ ഇന്ധന വിലയിലൂടെ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം എത്ര കോടി രൂപയാണെന്നറിയിക്കാമോ?

2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക സംസ്ഥാന ഖജനാവിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ 2021 സെപ്റ്റംബർ വരെ 3323.91 കോടി രൂപ ലഭിച്ചു.

**സർക്കാർ കേസുകളിൽ പുറമേനിന്നുള്ള അഭിഭാഷകർ**

145 (530) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഏതൊക്കെ കേസുകളിലാണ് പുറമേനിന്നുള്ള അഭിഭാഷകരുടെ സേവനം സ്വീകരിച്ചിട്ടുള്ളത്?

2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും വാദിക്കുന്നതിനായി പുറമെ നിന്നുള്ള അഭിഭാഷകരെ വിനിയോഗിച്ച കേസുകൾ സംബന്ധിച്ചുള്ള പട്ടിക അനുബന്ധം I*ആയി ചേർത്തിട്ടുള്ളതാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ കേസിലും അഭിഭാഷകരുടെ യാത്രാ ചെലവ്, താമസം, ഭക്ഷണം തുടങ്ങിയ ഇനങ്ങളിലായി സർക്കാർ ഖജനാവിൽനിന്ന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത കാലയളവിൽ ടി കേസുകളിൽ ഹാജരായ അഭിഭാഷകരുടെ വിമാനയാത്രാ ചെലവ് ഇനത്തിൽ 24,94,249 രൂപയും ഹോട്ടൽ അക്കോമൊഡേഷൻ ഇനത്തിൽ 8,59,996 രൂപയും സർക്കാർ ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ്. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർത്തിട്ടുള്ളതാണ്.

(സി) സർക്കാർ കേസ്സുകൾ നടത്തുന്നതിനായി എത്ര അഭിഭാഷകരെയാണ് ഖജനാവിൽനിന്നും ശമ്പളം നൽകി നിയമിച്ചിട്ടുള്ളത്; ഇവരുടെ തസ്തികയും ഓരോ തസ്തികയിലും നിയമിച്ചിട്ടുള്ളവരുടെ എണ്ണവും ഓരോ തസ്തികയ്ക്കും അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിശദമാക്കുമോ?

സർക്കാർ കേസുകൾ നടത്തുന്നതിനായി ബഹു. സുപ്രീം കോടതിയിലും ബഹു. ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലും സബോർഡിനേറ്റ് കോടതികളിലുമായി ഖജനാവിൽനിന്നും ശമ്പളം നൽകി നിയമിച്ചിട്ടുള്ള സർക്കാർ അഭിഭാഷകരുടെ തസ്തികയും എണ്ണവും ഓരോ തസ്തികയ്ക്കും അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച പട്ടിക അനുബന്ധം III* ആയി ചേർത്തിട്ടുള്ളതാണ്.

(ഡി) ഇതേ കാലയളവിൽ സർക്കാർ അഭിഭാഷകർക്ക് ശമ്പളം, ആനുകൂല്യം, യാത്രാബത്ത, മെഡിക്കൽ അലവൻസുകൾ, മറ്റിനങ്ങൾ തുടങ്ങിയ ഇനങ്ങളിലായി സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ടി കാലയളവിൽ ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർക്ക് അലവൻസുകൾ ഉൾപ്പെടെ നൽകിയ ശമ്പളം 79,53,02,809 രൂപയും യാത്രാബത്ത ഇനത്തിൽ ചെലവഴിച്ച തുക 5,48,776 രൂപയുമാണ്. മെഡിക്കൽ അലവൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ലാത്തതാണ്. ടി കാലയളവിൽ വിവിധ ജില്ലാ കോടതികളിലും സബോർഡിനേറ്റ് കോടതികളിലും നിയമിച്ചിട്ടുള്ള സർക്കാർ അഭിഭാഷകർക്ക് അലവൻസുകൾ ഉൾപ്പെടെ നൽകിയ ശമ്പളം 62,59,04,374 രൂപയും യാത്രാബത്ത ഇനത്തിൽ ചെലവഴിച്ച തുക 59,539 രൂപയുമാണ്. മെഡിക്കൽ അലവൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ലാത്തതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly